# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1112** **12/03/2016** ൽ മറുപടിക്ക്

## സൗജന്യമായി യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി വിഷ്ണുനാഥ്<br>,, കെ.മുരളീധരൻ<br>,, ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 4/9/2014 ലെ സ.ഉ.(കൈ) 183/2014/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400/- രൂപ ക്രമത്തിൽ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | നിർദ്ധനരായ കുട്ടികൾക്കും മറ്റ് കുട്ടികളോടൊപ്പം യൂണിഫോം അണിഞ്ഞ് എല്ലാ ദിവസവും സ്കൂളിൽ എത്താൻ അവസരമൊരുക്കുന്നതു കൂടാതെ വിദ്യാഭ്യാസ ഗുണനിലവാരവും ഉറപ്പുവരുത്തുന്നു. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) യും ഡി) യും | 4/9/2014 ലെ സ.ഉ.(കൈ) 183/2014/പൊ.വി.വ പ്രകാരം പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ